(ബി) സർക്കാർ ഡയറിയിൽ സ്വകാര്യ റിസോർട്ടുകളുടെ ടെലഫോൺ നമ്പറുകൾ ഉൾപ്പെടുത്താറില്ല.

സർക്കാർ ധനസഹായ വിതരണത്തിൽനിന്ന് ജനപ്രതിനിധികളെ വിലക്കിയുള്ള ഉത്തരവ്

28 (2844) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ധനസഹായ വിതരണത്തിൽ നിന്ന് ജനപ്രതിനിധികളെ വിലക്കിക്കൊണ്ടുള്ള ഉത്തരവിറക്കിയിട്ടുണ്ടോ ;

(ബി) പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(സി) പ്രസ്തുത ഉത്തരവ് ഇറക്കിയതിന്റെ കാരണം വിശദമാക്കുമോ ;

(ഡി) പ്രസ്തുത ഉത്തരവ് റദ്ദ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ-ഡി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും അനുവദിക്കുന്ന ധനസഹായത്തിൽ 50,000 (അമ്പതിനായിരം രൂപ) രൂപയ്ക്ക് മുകളിൽ അനുവദിക്കുന്ന കേസ്സുകളിൽ ധനസഹായം ബന്ധപ്പെട്ട എം.എൽ.എ./എം.പി. മാർ മുഖാന്തരമാണ് വിതരണം ചെയ്തുവന്നിരുന്നത്.

ഇപ്രകാരം ജനപ്രതിനിധികളുടെ സൗകര്യം കണക്കിലെടുത്ത് തുക വിതരണം ചെയ്തുവന്നിരുന്നതിനാൽ അത്യാവശ്യ സന്ദർഭങ്ങളിൽ പോലും തുക അനുവദിച്ച് മാസങ്ങൾക്കുശേഷംമാത്രമേ അപേക്ഷകന് തുക ലഭ്യമാകുന്നുള്ളൂ. ആയതിനാൽ അപേക്ഷകന് യഥാസമയം പ്രയോജനം ലഭിക്കാത്ത സാഹചര്യം ഉണ്ടാകുന്നു.

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും അനുവദിക്കുന്ന ധനസഹായം ഗുണഭോക്താക്കൾക്ക് യഥാസമയം കാലതാമസം കൂടാതെ ലഭ്യമാക്കുന്നതിന് വേണ്ടി ധനസഹായം ജനപ്രതിനിധികൾ മുഖാന്തരം വിതരണം ചെയ്താൽ മതി എന്ന നിർദ്ദേശം 29-4-2015-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 2248/15/ റവന്യൂ പ്രകാരം പിൻവലിക്കുകയുണ്ടായി. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

സർക്കാർ ഓഫീസുകൾ ലഹരിമുക്തമാക്കാൻ നടപടി

29 (2845) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly